# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1331.

06-03-2020 ൽ മറുപടിയ്ക്ക്

## നെൽവയൽ ഉടമകൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പരിസ്ഥിതി സംരക്ഷിക്കുന്നതിന് നെൽവയലുകൾ വഹിക്കുന്ന പങ്ക് പരിഗണിച്ച് സംസ്ഥാനത്തെ എല്ലാ നെൽവയൽ ഉടമകൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിലൂടെ എത്ര കർഷകർക്ക് റോയൽറ്റി നൽകുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിനായുള്ള തുക ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പരിസ്ഥിതി സംരക്ഷണത്തിൽ നെൽ വയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് കൃഷി ചെയ്യുന്ന നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിനായി തുടക്കമെന്ന നിലയിൽ 40 കോടി രൂപയാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഹെക്ടറിന് 2000 (രണ്ടായിരം) രൂപ നിരക്കിലാണ് റോയൽറ്റി നൽകുന്നത്. ഈ പദ്ധതിയിലൂടെ 2 ലക്ഷം ഹെക്ടർ നെൽവയലിന്റെ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്നതിന് സാധിക്കുന്നതാണ്. |
| (സി) | കൃഷി ഭവനുകൾ മുഖേന സംസ്ഥാനത്തെ കർഷകർക്ക് പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ എത്ര കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; | (ഡി) | കൃഷി പാഠശാല - 'അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (എ.ഇ.യു) അടിസ്ഥാനമാക്കിയുള്ള കൃഷി' എന്ന പുതിയ പദ്ധതി പ്രകാരം 2020-21ൽ ഒരു ലക്ഷം കർഷകർക്കും |

| | | |
|---|---|---|
| | | യുവാക്കൾക്കും കൃഷി ഭവനുകൾ വഴി പരിശീലനം നൽകുവാനുദ്ദേശിക്കുന്നു. കേരള കാർഷിക സർവകലാശാലയിലെ വിജ്ഞാന വ്യാപന വിഭാഗം, കൃഷി വിജ്ഞാന കേന്ദ്രം, ആത്മ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്. |
| (ഇ) | കർഷകർക്കുള്ള പെൻഷൻ കർഷക ക്ഷേമനിധി ബോർഡുവഴി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഇ) കേരള നിയമസഭ പാസ്സാക്കിയ 2019-ലെ ആക്ട് നമ്പർ 26 ലെ 5 (ബി) വകുപ്പ് പ്രകാരം കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ പെൻഷൻ ലഭിച്ചിരുന്ന, അറുപത് വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനക്ഷമമാകുന്നതോടെ ഇതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**